# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2700 — 27/01/2014 ൽ മറുപടിയ്ക്ക്

### ചേലക്കര നിയോജകമണ്ഡലത്തിൽ മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ മന്ത്രി) |
|---|---|
| (എ) ചേലക്കര നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) <u>ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)</u><br>ചേലക്കര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ് സർക്കാരിന്റെ കാലത്ത് മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയത് എന്നാണെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ? | (ബി) <u>ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)</u><br>പ്രസ്തുത ഭരണാനുമതികളുടെ പകർപ്പ് അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. |
| (സി) ഇവയിൽ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചുവെന്നും; ഏതെങ്കിലും പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങളും വ്യക്തമാക്കുമോ? | (സി)<u>ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)</u><br>ചേലക്കര നിയോജകമണ്ഡലത്തിലെ കൊണ്ടാഴി പഞ്ചായത്തിൽ കുട്ടിൽമുക്ക് ഭാഗത്ത് ഭാരതപ്പുഴയ്ക്ക് കുറുകെ തടയണ നിർമ്മാണം 18/06/2013 മുതൽ ആരംഭിച്ചിട്ടുണ്ട്. പാഞ്ഞാൾ പഞ്ചായത്തിൽ പൈങ്കുളത്ത് ഭാരതപ്പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്ന പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ കഴിഞ്ഞ് പുതുക്കിയ ഭരണാനുമതിക്കും സാങ്കേതിക അനുമതിക്കും വേണ്ടി 2012 എസ്.ഒ.ആർ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ദേശമംഗലം പഞ്ചായത്തിൽ കൊണ്ടയൂർ ഭാഗത്ത് കടപ്പാറക്കയത്ത് ഭാരതപ്പുഴയ്ക്ക് കുറുകേയുള്ള തടയണയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി രൂപകൽപ്പന ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതികൾ എന്ന് നിർമ്മാണം ആരംഭിക്കുമെന്നും എല്ലാ പദ്ധതികളും എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നും അറിയിക്കുമോ? | (ഡി) <u>ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)</u><br>മേൽ സൂചിപ്പിച്ച പ്രവൃത്തികൾ ഒഴികെ ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. |

മേൽ സൂചിപ്പിച്ചവയിൽ ക്ലൂട്ടിൽമുക്ക് തടയണയുടെ നിർമ്മാണം കരാർ വ്യവസ്ഥകൾ പ്രകാരം 17/06/2015 ന് പൂർത്തീകരിക്കുന്നതാണ്.

പൈങ്കുളം തടയണയുടെ നിർമ്മാണം സാങ്കേതികാനുമതി ലഭിച്ച ശേഷം മുറയ്ക്ക് ടെണ്ടർ ചെയ്യാവുന്നതാണ്.

കടപ്പാറക്കയം തടയണയുടെ രൂപകൽപ്പന പൂർത്തിയായാൽ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

ഡോക്യുമെന്റ് - 1

13

# ADDITIONAL IRRIGATION DIVISION, THRISSUR

## MALABAR IRRIGATION PACKAGE

### LIST OF WORKS

### VOLUME - 1

| Sl. No. | Name of Work | Estimate Amount (in Lakhs) |
|---|---|---|
| 1 | Construction of a Check dam across Bharathapuzha at Kudaparakayam Kondayur in Desamangalam panchayath. | Rs 105.00 |
| 2 | Construction of a Check dam across Bharathapuzha at Painkulam in Panjal Panchayath. | Rs 100.00 |
| 3 | Construction of a Check dam across Bharathapuzha at Koottilmukku, in Kondazhy Panchayath. | Rs 950.00 |